പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1845 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കായുള്ള നൂതന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>" വി. കെ. സി. മമ്മത് കോയ<br>" സജി ചെറിയാൻ<br>" പി.കെ. ശശി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യ പ്രദവും സുഖപ്രദവുമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യ പ്രദവും സുഖപ്രദവുമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കായി കെ.എസ്.ആർ.ടി.സി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്ക്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്ക്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്. ആർ.ടി.സി.യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി. |

| | | | |
|---|---|---|---|
| | | | യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയ തരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ വിജയകരമായി നടത്തി വരുന്നു. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ എടുത്ത 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് നടത്തി വരുന്നു. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് 'ചിൽ ബസ് എന്ന പേരിൽ എ.സി ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിലും നടത്തി വരുന്നു. കെ.എസ്.ആർ.ടി.സി.യിൽ 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തി വരുന്നു. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാ സൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇവ ഇപ്പോൾ ദീർഘദൂര സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി ഉപയോഗിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്രക്കാരെ ആകർഷിയ്ക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതു |

| | | | |
|---|---|---|---|
| | | | മായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 648 സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡിജിറ്റലൈസേഷന്റെ ഭാഗമായി 26 റിസർവേഷൻ കൗണ്ടറുകളിൽ Point of Sale (POS) മെഷീനുകളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പണം മുൻകൂർ അടച്ച് യാത്രചെയ്യാൻ സൗകര്യമൊരുക്കുന്ന സ്മാർട്ട് സീസൺ കാർഡുകൾ ഇപ്പോൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇല്ല.<br>കെ.എസ്.ആർ.ടി.സി.യിൽ 19.01.2017 മുതലാണ് വിവിധതരം ട്രാവൽ പാസുകൾ നടപ്പിലാക്കിയത്. കൂടുതൽ യാത്രക്കാരെ പണവിമുക്ത ഇടപാടുകളിലൂടെ പൊതുഗതാഗത രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനു വേണ്ടിയാണ് ട്രാവൽ കാർഡ് സംവിധാനം ഏർപ്പെടുത്തിയിരുന്നത്. ബസ് ചാർജ് വർദ്ധനയ്ക്ക് ആനുപാതികമായി കാർഡ് നിരക്കിൽ വർദ്ധനവ് ഏർപ്പെടുത്താത്തതും മൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായതിനാൽ 28.2.2018 മുതൽ ടി സംവിധാനം നിർത്തലാക്കുകയുണ്ടായി. |
| (സി) | എ.ടി.എം. കാർഡ് വഴി ടിക്കറ്റ് എടുക്കാൻ കഴിയുന്ന ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകൾ തയ്യാറാക്കിയിട്ടുണ്ടോ; | (സി) | ഇല്ല. എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ 26 റിസർവേഷൻ കൗണ്ടറുകളിൽ Point of Sale (POS) മെഷീനുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനം വഴി എ.ടി.എം. കാർഡ് ഉപയോഗിച്ച് ടിക്കറ്റ് എടുക്കാവുന്നതാണ്. |
| (ഡി) | ബസ്സുകളുടെ യാത്രാവിവരം സംബന്ധിച്ച് യാത്രക്കാരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ കോർപ്പറേഷൻ ഫെയ്സ്ബുക്ക്, വാട്സ് ആപ് അക്കൗണ്ടുകൾ തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും പരാതികളും അറിയിക്കുന്നതിനും യാത്രാവിവരങ്ങൾ അന്വേഷിക്കുന്നതിനുമായി വാട്സ് അപ്പ് നമ്പരും, ഫെയ്സ്ബുക്ക് ഒഫിഷ്യൽ പേജും നിലവിൽ വരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് 24 മണിക്കൂറും പ്രസ്തുത സംവിധാനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങൾ തേടാവുന്നതാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ അന്തർ സംസ്ഥാന സൂപ്പർ |

| | | | |
|---|---|---|---|
| | | | ക്ലാസ് സർവ്വീസുകളെ സംബന്ധിച്ചും കെ.എസ്.ആർ.ടി.സി പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളെക്കുറിച്ചും ഫെയ്സ്ബുക്ക്, വാട്സ് അപ്പ് എന്നീ നവമാധ്യമങ്ങളിലൂടെ വിവരങ്ങൾ നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**